(ഡി) പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ പി.എസ്.സി. അനുശാസിക്കുന്ന സംവരണതത്വം പാലിച്ചാണ് പി.എസ്.സി തന്നെ നിയമന ശുപാർശ നൽകുന്നതും നിയമനങ്ങൾ നടത്തുന്നതും. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളിലും എസ്.സി./എസ്.ടി. പ്രാതിനിധ്യം ഉറപ്പാക്കുന്നതുൾപ്പെടെ സംഘങ്ങളുടെ എല്ലാവിധ ദൈനംദിന പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് വകുപ്പുതലത്തിൽ സ്ഥിരം പരിശോധന സംവിധാനം നിലവിലുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

105 (2306) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൽ റസാക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഉണ്ടായ ഗുണപരമായ മാറ്റം സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) റിസർവ് ബാങ്ക്, നബാർഡ് എന്നിവയുടെ നിലപാടുകൾ സംസ്ഥാന സഹകരണ മേഖലയ്ക്ക് സഹായകരമല്ലാത്ത സാഹചര്യം ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) ഇത്തരം വിഘാതങ്ങൾ തരണം ചെയ്യുന്നതിനും ഒപ്പം സംഘങ്ങളുടെ പ്രവർത്തനത്തിലെ അനാവശ്യ പ്രവണതകൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾക്കായി നിരവധി കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപ്പാക്കിയ " എന്റെ സംഘം" പദ്ധതി ഇക്കാര്യത്തിൽ ഫലപ്രദമായ ചുവടുവെയ്പായിരുന്നു. ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ ലഘുവിവരണം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക് കുടിശ്ശികയിളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ ആശ്വാസ് നടപ്പിലാക്കി. കൂടാതെ നിക്ഷേപ രംഗത്ത് ഉണർവുണ്ടാക്കുന്നതിനുള്ള നിക്ഷേപ സമാഹരണ പദ്ധതി, നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം, സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം, കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ, ടൂറിസം, ലേബർ രംഗത്ത് അപ്പക്സ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖലകളിൽ പഠന സമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, ഓഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽനിന്ന് നിയമാനുസൃതം നീക്കം ചെയ്യുന്നതിനായി നടത്തിയ 'ഉണർവ് 'ക്യാമ്പയിൻ, സഹകരണ നിയമഭേദഗതി, വകുപ്പിന്റെ ആസ്ഥാന മന്ദിരം, 7-ാം സഹകരണ കോൺഗ്രസ്സ്/എക്സ്പോ, വിഷൻ 2025 എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശരഹിത വായ്പാ പദ്ധതി, കാർഷിക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള " മുഖാമുഖം" പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, സഹകരണ സ്ഥാപനങ്ങൾ മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയായ " ആലില" പദ്ധതി, ജൈവ പച്ചക്കറി കൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള " സുവർണ്ണ കേരളം" പദ്ധതി, 'മിഷൻ 676' പ്രകാരം നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്നിവയും സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്.

(ബി) റിസർവ് ബാങ്ക്, നബാർഡ് എന്നിവ ദേശീയതലത്തിൽ സഹകരണ മേഖലയെ സംബന്ധിച്ച് ചില പദ്ധതികളും നയങ്ങളും രൂപീകരിക്കുമ്പോൾ കേരളത്തിലെ സഹകരണ മേഖലയിലെ സാഹചര്യങ്ങൾ പ്രത്യേകമായി വിലയിരുത്താറില്ല. ബാങ്കിംഗ് (ഭേദഗതി) നിയമം പാസ്സാക്കിയപ്പോൾ കേരളത്തിലെ സഹകരണ മേഖലയിലെ സവിശേഷമായ സാഹചര്യം കണക്കിലെടുത്തിരുന്നില്ല. ത്രിതല ഹ്രസ്വകാല സഹകരണ വായ്പാ ഘടനയെക്കുറിച്ച് നബാർഡ് ചെയർമാനായിരുന്ന ശ്രീ. പ്രകാശ് ബക്ഷി ചെയർമാനായുള്ള കമ്മിറ്റി റിസർവ് ബാങ്കിന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാന സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നവയായിരുന്നു. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾക്ക് ഓഹരിമൂലധനം അനുവദിക്കുന്നതിന് നബാർഡിന്റെ NRC (LTO) വിൽ നിന്നും വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതിയിലെ നബാർഡിന്റെ നയങ്ങളും പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന RIDF പദ്ധതിയുടെ ഫിംഗ് പാറ്റേൺ സംബന്ധിച്ച വ്യവസ്ഥകളും സംസ്ഥാന സഹകരണ മേഖലയ്ക്ക് സഹായകരമല്ലാത്ത സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ലാത്ത നയങ്ങൾക്കും തീരുമാനങ്ങൾക്കുമെതിരായി സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓരോ പാർലമെന്റ് സമ്മേളനത്തിനു മുമ്പും ചേരുന്ന എം.പി.മാരുടെ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. സംഘങ്ങളുടെ പ്രവർത്തനത്തിൽ അനാവശ്യ പ്രവണതകൾ ഉണ്ടാകുന്നുവെന്ന് കാണുമ്പോൾ പ്രവർത്തനത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ സർക്കുലർ നിർദ്ദേശം നൽകുകയും ഉദ്യോഗസ്ഥ തലത്തിൽ നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

അപ്പെക്സ് സഹകരണ സംഘങ്ങളിലെ പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങൾ

106(2307) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപെക്സ് സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പി.എസ്.സി .-ക്ക് വിട്ടതെപ്പോഴാണ്; വിശദമാക്കുമോ;

(ബി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സഹകരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണ്; ഏതൊക്കെ സ്ഥാപനങ്ങളിലാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ലാത്തത്;

(സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അപെക്സ് സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടത് 25-4-1995 മുതൽ പ്രാബല്യത്തിലാണ്. സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലെയും 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 80 ഉപവകുപ്പ് (3 എ)യുടെ അനുബന്ധപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെയും നേരിട്ട് നിയമനം നടത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന ആയിരിക്കണമെന്ന് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 80 ഉപവകുപ്പ് (3 എ)-ൽ 25-4-1995 മുതൽ പ്രാബല്യത്തിൽ സർക്കാരിന്റെ 29-4-1995-ലെ 0434/ലെജി.ബി2/95/ലാ നമ്പർ വിജ്ഞാപന പ്രകാരമാണ് നിയമ വ്യവസ്ഥ നിലവിൽ വന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly